LIBRARY ARCHIVES Kerala Legislative Assembly

സർക്കാരിന്റെ ബാദ്ധ്യത

152 (2390) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എം.എൽ.എ.-മാരുടെ നിയോജക മണ്ഡലം ആസ്തി വികസന പദ്ധതി, സർക്കാർ വകുപ്പുകൾ വഴി കൊടുത്തു തീർക്കാനുള്ള മറ്റ് ബാദ്ധ്യതകൾ, എന്നീ ഇനങ്ങളിൽ കുടിശ്ശികയായിട്ടുള്ള സർക്കാരിന്റെ ബാദ്ധ്യത, ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം എത്ര വീതമാണെന്ന് വെളിപ്പെടുത്താമോ ;

ഉത്തരം

എം.എൽ.എ.-മാരുടെ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിക്ക് കീഴിൽ പൊതുമരാമത്ത് ചീഫ് എഞ്ചിനീയർമാർ കൺട്രോളിംഗ് ഓഫീസറായിട്ടുള്ള ശീർഷകങ്ങളിൽ 1-1-2014 മുതൽ 31-8-2014 വരെ കൊടുത്തു തീർക്കുവാനുള്ള കുടിശ്ശികയായ തുക 120.36 കോടി രൂപയാണ്. കൂടാതെ 1-1-2014 മുതൽ 31-8-2014 വരെ വിവിധ സർക്കാർ വകുപ്പുകൾ വഴി കരാറുകാർക്ക് കൊടുത്തു തീർക്കുവാൻ ആകെ 1665.40 കോടി രൂപ കുടിശ്ശികയായുണ്ട്.

സംസ്ഥാനത്തിന്റെ കടം

153 (2391) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പു വർഷം കടപ്പത്രം വഴി എത്ര കോടി രൂപ കടം എടുക്കുവാനാണ് റിസർവ് ബാങ്ക് അനുമതി നൽകിയിട്ടുള്ളത്;

(ബി) ആയതിൽ 2014 ഒക്ടോബർ 31 വരെ കടപ്പത്രം വഴി എത്ര കോടി രൂപ സമാഹരിച്ചു; നടപ്പുവർഷം എത്ര കോടി രൂപ കൂടി സമാഹരിക്കുവാൻ ഉദ്ദേശിക്കുന്നു; വിശദമാക്കുമോ;

(സി) ഇങ്ങനെ കടമെടുക്കുന്ന തുക സംസ്ഥാനം വികസനച്ചെലവുകൾക്കാണോ ഉപയോഗിക്കുന്നത് ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) എന്നാൽ ഇപ്രകാരം കടമെടുക്കുന്ന തുക റവന്യൂ ചിലവുകൾക്കാണ് നിലവിൽ ഉപയോഗിക്കുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നിയമവിരുദ്ധമാണെന്ന് കരുതുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ഇ) നിലവിൽ സംസ്ഥാനത്തിന്റെ സഞ്ചിത കടം എത്ര ; ഈ സാമ്പത്തിക വർഷം അവസാനമാകുമ്പോൾ സഞ്ചിതകടം എത്രയാകും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നിശ്ചയിച്ചു നൽകിയിട്ടുള്ള വായ്പാ പരിധി അനുസരിച്ച് പൊതുവിപണിയിൽ നിന്നും കടപ്പത്രം വഴി 13950.76 കോടി രൂപ സമാഹരിക്കാവുന്നതാണ്.

(ബി) 2014 ഒക്ടോബർ 31 വരെ കടപ്പത്രം വഴി 8400 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. നടപ്പ് വർഷം കേന്ദ്ര സർക്കാർ അനുവദിച്ചു നൽകിയിട്ടുള്ള വായ്പാ പരിധിക്കുള്ളിൽ നിന്നുകൊണ്ട് മാത്രം കടമെടുക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി&ഡി) സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടിയാണ് പ്രധാനമായും കടപ്പത്രങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നത്. വായ്പ എടുത്ത മുഴുവൻ തുകയും 'Consolidated fund'-ൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. 'Consolidated fund'-ൽ മറ്റ് വരുമാനങ്ങളും ഉൾപ്പെടുന്നതു കൊണ്ട് വായ്പ എടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി വിനിയോഗിക്കപ്പെട്ടതെന്ന് വേർതിരിക്കാനാവില്ല.

(ഇ) അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2014 മാർച്ച് 31 വരെ സംസ്ഥാനത്തിന്റെ സഞ്ചിത കടം 1,19,009.07 കോടി രൂപയാണ്. ഈ സാമ്പത്തിക വർഷം അവസാനത്തിൽ സഞ്ചിതകടം എത്രയാകുമെന്ന് വ്യക്തമാക്കുവാൻ ഇപ്പോൾ കഴിയുകയില്ല.

സംസ്ഥാനത്തിന്റെ പൊതുകടം

154 (2392) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്തെ പൊതുകടം എത്രയായിരുന്നു ;

(ബി) 2014 ഒക്ടോബർ 31 വരെയുള്ള സംസ്ഥാനത്തെ പൊതുകടം എത്രയാണെന്ന് പറയാമോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് ഏതെല്ലാം മേഖലയിൽനിന്നും കടമെടുത്തിട്ടുണ്ടെന്നും ഏതെല്ലാം ആവശ്യങ്ങൾക്കുവേണ്ടിയാണ് ഈ സംഖ്യ വിനിയോഗിച്ചതെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ 31-3-2011 വരെ സംസ്ഥാനത്തിന്റെ പൊതുകടം 78,673.24 കോടി രൂപയായിരുന്നു.

(ബി) 2014 ഒക്ടോബർ 31 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്ക് ഉൾപ്പെടെ 31-10-2014 വരെ സംസ്ഥാനത്തിന്റെ പൊതുകടം 1266530. 33 കോടി രൂപയാണ്.

(സി) ഈ സർക്കാരിന്റെ കാലത്ത് 31-10-2014 വരെ (അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്ക് ഉൾപ്പടെ) 35375.18 കോടി രൂപ ആഭ്യന്തര കടമായും 595.76 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്നുള്ള കടമായും 11886.15 കോടി രൂപ പ്രോവിഡന്റ് ഫണ്ട്, ലഘുസമ്പാദ്യം എന്നിവയിൽ നിന്നുള്ള കടമായും എടുത്തിട്ടുണ്ട്. ഇപ്രകാരം കടമെടുക്കുന്ന തുക പ്രധാനമായും വികസന ചെലവുകൾക്കും ഉൽപ്പാദനപരമായ ആവശ്യങ്ങൾക്കുമാണ് ചെലവഴിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly